# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 6025– 02/04/2018 -ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ.പി.കെ. ശശി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| 2016-17,2017-18 കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ? | കേന്ദ്രഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/ കേന്ദ്രപദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.<br><br>2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃതപദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 28.03.2017 തീയതിയിലെ സർക്കുലർ നം.1053625/സി.സി.1/2016/പ്ലാനിംഗ് പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (കോ-ഓർഡിനേഷൻ സെൽ) വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. |

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലെ നോഡൽ ഓഫീസർമാരുമായും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായും നിരന്തരം നടത്താറുള്ള അവലോകന യോഗങ്ങളിലെല്ലാം മുൻ വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചത് സംബന്ധിച്ചുള്ള നിജസ്ഥിതി പരിശോധിക്കുകയും കാലവിളംബം കൂടാതെ അവ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 –ലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം പരമാവധി നേടിയെടുക്കുന്നതിലേയ്ക്കായി തയ്യാറാക്കിയ കർമ്മ പദ്ധതിയിലെ ഇനം നമ്പർ - 5 -ൽ ഓരോ വകുപ്പും 2017 സെപ്റ്റംബർ 30-നു മുൻപായി കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു പൂർണ്ണമായും വിനിയോഗിച്ച് തീർക്കാനും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കേന്ദ്രമന്ത്രാലയത്തിൽ ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുൻ വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുവാനുള്ള കേന്ദ്ര വിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് പ്രധാന വകുപ്പുകളായ പൊതു വിദ്യാഭ്യാസ വകുപ്പ്, ജല വിഭവ വകുപ്പ്, ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോ-ഓർഡിനേഷൻ സെൽ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അവലോകനയോഗം നടത്തുകയുണ്ടായിട്ടുണ്ട്. പ്രസ്തുതയോഗത്തിൽ വച്ച് റീ ഇംബേഴ്സ്മെന്റായി ലഭിക്കുവാനുള്ള തുക നേടിയെടുക്കുന്ന തിലേയ്ക്കുള്ള നിർദ്ദേശങ്ങൾ വകുപ്പ് പ്രതിനിധികൾക്ക് നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു Revised Fund Flow Method 21.02.2017 തീയതിയിലെ 24/2017/ധന നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കേന്ദ്ര സർക്കാറിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് ഭരണ വകുപ്പിനു തന്നെ നേരിട്ട് റിലീസ് ചെയ്ത് നൽകാവുന്നതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ക്രെഡിറ്റ് മെമ്മോ പ്രകാരം സംസ്ഥാനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കേന്ദ്ര ഫണ്ട്

| | |
|---|---|
| | ക്രെഡിറ്റാകുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട സെക്രട്ടറി / വകുപ്പുതലവന്മാരെ അറിയിക്കുന്നതോടൊപ്പം ആയത് നടപ്പാക്കുന്ന ബന്ധപ്പെട്ട ഏജൻസി / വകുപ്പിന് റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്നും നൽകിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായി കേന്ദ്ര ഫണ്ട് വിനിയോഗത്തിനുമായി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്താൻ 12.01.2017-ൽ 02/2017/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ